**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5004</u>** **<u>01-11-2021 - ൽ മറുപടിയ്ക്ക്</u>**

**<u>ഭൂമിയുടെ തരംമാറ്റത്തിനുള്ള നടപടിക്രമങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമി തരംമാറ്റുന്നത് സംബന്ധിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ നൽകുമോ; ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടതും ഉൾപ്പെടാത്തതുമായ ഭൂമി തരംമാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡേറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും എന്നാൽ റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയതുമായ ഭൂമിയുടെ, തരം മാറ്റുന്നതിനായി, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപ്രകാരം ലഭിയ്ക്കുന്ന അപേക്ഷകളിൻമേൽ 50 സെന്റ് വരെയുള്ളവയിൽ വില്ലേജ് ഓഫീസർ മുഖാന്തിരവും 50 സെന്റിന് മുകളിലാണെങ്കിൽ വില്ലേജ് ആഫീസറും കൃഷി ഓഫീസറും മുഖേന അന്വേഷണം നടത്തിയും, രേഖകൾ പരിശോധിച്ചും, റവന്യൂ ഡിവിഷണൽ ഓഫീസർ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽപ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർ ഉത്തരവാകുന്നതിനെ തുടർന്ന്, തഹസീൽദാർ സബ് ഡിവിഷൻ നടപടി പൂർത്തീകരിച്ച്, റവന്യൂ രേഖകളിൽ ആവശ്യമായ മാറ്റം വരുത്തുന്നു. ഭൂവിസ്തൃതി 25 സെന്റ് വരെയുള്ളവയ്ക്ക് അപേക്ഷകർക്ക് തരം മാറ്റത്തിന് യോഗ്യമായ മറ്റ് ഭൂമി ഇല്ലെങ്കിൽ തരം മാറ്റത്തിനായി ഫീസടക്കേണ്ടതില്ല. ഡേറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നതിനായി/തെറ്റായി ഉൾപ്പെട്ട ഭൂമി ഡേറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനായി, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടപ്രകാരമുള്ള ഫോറത്തിൽ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ, അപേക്ഷ സമർപ്പിക്കാവുന്നതാണ്. തുടർന്ന് അപേക്ഷ പരിശോധിച്ച്, അപേക്ഷ ഭൂമി ഡേറ്റാ ബാങ്കിൽ നഞ്ച (Wet) വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നതെങ്കിൽ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കിയും, നെൽവയൽ (Paddy) വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നതെങ്കിൽ കൃഷി ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കിയും, ഉചിതമാണെന്ന് കാണുന്ന പക്ഷം, നേരിട്ട് സ്ഥലപരിശോധന നടത്തിയോ |

| | | | |
|---|---|---|---|
| | | | കേന്ദ്ര സംസ്ഥാന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ തയ്യാറാക്കിയ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടു കൂടിയോ ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ പരിശോധിച്ച്, അപേക്ഷയിൻമേൽ റവന്യൂ ഡിവിഷണൽ ഓഫീസർ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നു. |
| (ബി) | ഭൂമി തരംമാറ്റുന്നതിന് ആർക്കാണ് അപേക്ഷ നൽകേണ്ടത്; ആയതിന് പ്രത്യേക ഫോം നിലവിലുണ്ടോ; വിശദീകരിക്കാമോ; ആയതിനുവേണ്ടിയുള്ള എല്ലാത്തരം ഫോമുകളുടെയും കോപ്പി ലഭ്യമാക്കാമോ; | (ബി) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഭൂമി തരം മാറ്റുന്നതിനായുള്ള അപേക്ഷ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്കാണ് നൽകേണ്ടത് . ആയതിന് പ്രത്യേകം ഫോമുകൾ നിലവിലുണ്ട് . ഭൂവിസ്തൃതി 20.23 ആർസ് വരെയാകുന്നിടത്ത്, ടി നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ചട്ടപ്രകാരമുള്ള, ഫാറം 6-ലും, ഭൂവിസ്തൃതി 20.23 ആർസ് മുകളിലാകുന്നിടത്ത്, ടി ചട്ടപ്രകാരമുള്ള ഫോറം 7-ലും, ഡേറ്റാ ബാങ്കിൽ ഉൾപ്പെടാത്ത 1967 ജൂലൈ 4 ന് മുമ്പ് നികത്തിയതോ നികന്നതോ ആയ ഭൂമിയുടെ തരം മാറ്റത്തിനായി ടി ചട്ടപ്രകാരമുള്ള ഫോറം 9-ലുമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ടി ഫാറങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഭൂമിയുടെ തരംമാറ്റം ഓൺലൈനിൽ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലയെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇത്തരം അപേക്ഷകൾ വില്ലേജ് ഓഫീസുകളിൽ കെട്ടിക്കിടക്കുന്നതായുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കും; | (സി) | ഭൂമി തരം മാറ്റത്തിനായുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ, നിലവിൽ, റവന്യൂ ഇ-സർവീസ് വഴി ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. കൂടാതെ അപേക്ഷയുടെ നിലവിലെ അവസ്ഥ അപേക്ഷകന് സ്വയം പരിശോധിച്ചറിയാവുന്ന സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. ഭൂമി തരം മാറ്റ അപേക്ഷകൾ വില്ലേജ് ഓഫീസുകളിൽ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. എന്നിരുന്നാലും, തരം മാറ്റവുമായി ബന്ധപ്പെട്ട് റവന്യൂ ഡിവിഷണൽ ഓഫീസർമാർ വില്ലേജ് ഓഫീസുകളിലേക്ക് റിപ്പോർട്ടിനായി അയക്കുന്ന ഫയലുകളിലുൾപ്പെടെ അടിയന്തിര നടപടി സ്വീകരിക്കുവാനും, തീർപ്പാക്കാൻ ബാക്കി നിൽക്കുന്ന എല്ലാ അപേക്ഷകളിലും സമയ ബന്ധിതമായി തീരുമാനമെടുക്കണമെന്നും, റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | തിരുവനന്തപുരം ആർ.ഡി.ഒ. ഓഫീസിൽ ഭൂമി തരംമാറ്റം സംബന്ധിച്ച് എത്ര അപേക്ഷകൾ ഇതുവരെ ലഭിച്ചു; ആയതിൽ എത്രയെണ്ണം പരിഹരിച്ചു എന്ന് വ്യക്തമാക്കാമോ; | (ഡി) | ഭൂമി തരംമാറ്റുന്നതിനായി തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസിൽ, 7433 അപേക്ഷകൾ, ഇത് വരെ ലഭിച്ചിട്ടുള്ളതാണ്. ആയതിൽ, 3604 അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. |
| (ഇ) | വില്ലേജ് ഓഫീസുകളിൽ നൽകുന്ന അപേക്ഷകൾക്ക് | (ഇ) | പൂർണ്ണമായല്ലെങ്കിലും, വില്ലേജ് ഓഫീസുകളിൽ |

| | | | |
|---|---|---|---|
| | കൈപ്പറ്റരസീത് നൽകാൻ നടപടി സ്വീകരിക്കുമോ?? | | ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രശീത് നൽകി വരുന്നുണ്ട്. സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലും ലഭിക്കുന്ന എല്ലാ അപേക്ഷകളിലും, അപേക്ഷകർക്ക് കൈപ്പറ്റ് രശീത് നൽകുന്നതിനായുള്ള നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

## ഫാറം 6

[ചട്ടം 12(1) കാണുക]

## 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ

(20.2 ആറിൽ കുറവ് വിസ്തീർണ്ണമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിനുള്ള അപേക്ഷ)

1. അപേക്ഷകന്റെ പേരും മേൽവിലാസവും മൊബൈൽ ഫോൺ നമ്പരും :

2. സ്വഭാവ വ്യതിയാനം വരുത്തേണ്ട ഭൂമിയുടെ വിശദാംശങ്ങൾ :

   (അപേക്ഷകന്റെ ഉടമസ്ഥതയിലോ കൈവശത്തിലോ വിവിധ സർവ്വെ നമ്പരുകളിലായി ഒന്നായിക്കിടക്കുന്ന ഭൂമിയുടെ വിവരങ്ങൾ വിശദമായി ചേർക്കുക)

   (i) ജില്ല :

   (ii) താലൂക്ക് :

   (iii) വില്ലേജ് :

   (iv) ബ്ലോക്ക് നമ്പർ :

   (v) സർവ്വെ നമ്പർ :

   (vi) സബ് ഡിവിഷൻ നമ്പർ :

   (vii) ആകെ വിസ്തീർണ്ണം : ..............ഹെക്ടർ ..................ആർ

   (viii) സ്വഭാവ വ്യതിയാനം വരുത്തേണ്ട ഭൂമിയുടെ വിസ്തീർണ്ണം : .............ഹെക്ടർ .................ആർ

   (ix) തണ്ടപ്പേർ നമ്പർ/നമ്പരുകൾ :

3. മുൻ കാലങ്ങളിൽ സ്വഭാവ വ്യതിയാനത്തിനായി അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ (റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുക) :

4. സ്വഭാവ വ്യതിയാനം വരുത്തേണ്ടതിന്റെ ആവശ്യം :

(എ) ഭവന നിർമ്മാണത്തിന് :

(ബി) വാണിജ്യാവശ്യത്തിന് :

(സി) മറ്റ് ആവശ്യങ്ങൾക്ക് (വ്യക്തമാക്കുക) :

5. ഫീസ് നൽകിയതിന്റെ നമ്പരും തീയതിയും :

6. നിർമ്മിക്കുവാൻ/പുനർ നിർമ്മിക്കുവാൻ/ വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം :

മേൽ പ്രസ്താവിച്ച വസ്തുതകൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം ശരിയും സത്യവുമാണെന്ന് ഞാൻ ഇതിനാൽ സത്യപ്രസ്താവന ചെയ്തുകൊള്ളുന്നു.

സ്ഥലം : അപേക്ഷകന്റെ പേര് :

തീയതി : ഒപ്പ് :

## വില്ലേജാഫീസറുടെ അന്വേഷണ റിപ്പോർട്ട്

1. സ്വഭാവ വ്യതിയാനത്തിനായി ആവശ്യപ്പെട്ടിട്ടുള്ള ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ടോ? :

2. അപ്രകാരമുള്ള ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും സ്ഥിരമായി കാണുന്ന നീർചാലുകളോ തണ്ണീർത്തടങ്ങളോ നിലവിലുണ്ടോ? :

3. വെള്ളക്കെട്ടുണ്ടായിരുന്ന സ്ഥലത്ത് ബണ്ട് പിടിപ്പിച്ച് അതിൽ വൃക്ഷങ്ങൾ നട്ട് കര ഭൂമിയാക്കാൻ ശ്രമിച്ചിട്ടുണ്ടോ? :

4. സ്വഭാവ വ്യതിയാനം വരുത്തുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിലെ ജലാഗമന നിർഗമന സ്രോതസുകൾ :

5. സ്വഭാവ വ്യതിയാനം അനുവദിക്കുന്ന ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയാൽ സമീപ ഭൂമിയിലേക്കുള്ള വരമ്പ്, നടവഴി തടസ്സപ്പെടുമോ? ഉണ്ടെങ്കിൽ ആയത് നിലനിർത്തുവാൻ അപേക്ഷകൻ സ്വീകരിച്ചിട്ടുള്ള നടപടികൾ :

6. സ്വഭാവ വ്യതിയാനം വരുത്തുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ സമീപത്തുള്ള നെൽവയലുകളുടെ വിശദാംശങ്ങൾ :

7. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ സമീപത്തെ നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുമോ എന്ന വസ്തുത

8. സ്വഭാവ വ്യതിയാനം വരുത്തുവാനുദ്ദേശിക്കുന്ന ഭൂമിയുടെ ചുറ്റുമുള്ള വസ്തുക്കളുടെ വിശദാംശങ്ങൾ (തരം, സർവ്വേ നമ്പരുകൾ മുതലായവ) (കിഴക്ക്/പടിഞ്ഞാറ്/തെക്ക്/വടക്ക്) :

9. സ്വഭാവ വ്യതിയാനത്തിനായി അപേക്ഷി ക്കുന്ന വസ്തുവിനെ സംബന്ധിച്ച വിവരം :

(എ) അപേക്ഷകന്റെ വിവിധ സർവ്വെ നമ്പരുകളിലായി ഒന്നായിക്കിടക്കുന്ന വസ്തുക്കളുടെ വിവരങ്ങൾ എല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടോ?

(ബി) കൈവശ വസ്തുവിന്റെ മൊത്തം വിസ്തീർണ്ണം : .............ഹെക്ടർ.............ആർ

(സി) സ്വഭാവ വ്യതിയാനം വരുത്തുന്ന തിനായി അപേക്ഷിച്ചിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം : .............ഹെക്ടർ.............ആർ

10. നിർമ്മിക്കുവാൻ/പുനർ നിർമ്മിക്കുവാൻ/ വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം

മേൽ പ്രസ്താവിച്ച വസ്തുതകൾ എന്റെ നേരിട്ടുള്ള അന്വേഷണത്തിലും സ്ഥല പരിശോധനയിലും ശരിയാണെന്ന് ഉത്തമമായി ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

പേര് :

തസ്തിക :

വില്ലേജ് :

ഒപ്പ് :

സ്ഥലം :

തീയതി :

ഫാറം 7

[ചട്ടം 12(1) കാണുക]

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ

(വിജ്ഞാപനം ചെയ്യപ്പെടാത്തതും 20.23 ആറോ അതിൽ കൂടുതലോ വിസ്തീർണ്ണമുള്ളതുമായ ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിനുള്ള അപേക്ഷ)

1. അപേക്ഷകന്റെ പേരും മേൽവിലാസവും മൊബൈൽ ഫോൺ നമ്പരും :

2. സ്വഭാവ വ്യതിയാനം വരുത്തേണ്ട ഭൂമിയുടെ വിശദാംശങ്ങൾ (അപേക്ഷകന്റെ ഉടമസ്ഥതയിലോ കൈവശത്തിലോ വിവിധ സർവ്വെ നമ്പരുകളിലായി ഒന്നായിക്കിടക്കുന്ന ഭൂമിയുടെ വിവരങ്ങൾ വിശദമായി ചേർക്കുക) :

(i) ജില്ല :

(ii) താലൂക്ക് :

(iii) വില്ലേജ് :

(iv) ബ്ലോക്ക് നമ്പർ :

(v) സർവ്വെ നമ്പർ :

(vi) സബ് ഡിവിഷൻ നമ്പർ :

(vii) ആകെ വിസ്തീർണ്ണം : ..............ഹെക്ടർ ..................ആർ

സ്വഭാവ വ്യതിയാനം വരുത്തേണ്ട ഭൂമിയുടെ വിസ്തീർണ്ണം : .............ഹെക്ടർ ..................ആർ

(viii) തണ്ടപ്പേർ നമ്പർ/നമ്പരുകൾ :

3. മുൻ കാലങ്ങളിൽ സ്വഭാവ വ്യതിയാനത്തിനായി അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ (റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുക) :

4. സ്വഭാവ വ്യതിയാനം വരുത്തേണ്ടതിന്റെ ആവശ്യം :

(എ) ഭവന നിർമ്മാണത്തിന് :

(ബി) വാണിജ്യാവശ്യത്തിന് :

(സി) മറ്റ് ആവശ്യങ്ങൾക്ക് (വ്യക്തമാക്കുക) :

5. സ്വഭാവ വ്യതിയാനം വരുത്തുന്ന ഭൂമിയിൽ ജല സംരക്ഷണ നടപടികൾക്കായി മാറ്റി വച്ച ഭൂമിയുടെ വിശദാശങ്ങൾ

(i) ബ്ലോക്ക് നമ്പർ :

(ii) സർവ്വെ നമ്പർ :

(iii) സബ് ഡിവിഷൻ നമ്പർ :

(iv) വിസ്തീർണ്ണം : .........ഹെക്ടർ .........ആർ

6. സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന ജലസംരക്ഷണ നടപടികളുടെ സംക്ഷിപ്ത രൂപം (ആവശ്യമുള്ളപക്ഷം അധിക ഷീറ്റുകൾ ഉപയോഗിക്കാവുന്നതാണ്.) :

7. ഫീസ് നൽകിയതിന്റെ രസീത് നമ്പരും തീയതിയും :

8. നിർമ്മിക്കുവാൻ/പുനർ നിർമ്മിക്കുവാൻ/വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം :

മേൽ പ്രസ്താവിച്ച വസ്തുതകൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം ശരിയും സത്യവുമാണെന്ന് ഞാൻ ഇതിനാൽ സത്യപ്രസ്താവന ചെയ്തുകൊള്ളുന്നു.

സ്ഥലം : | അപേക്ഷകന്റെ പേര് :
തീയതി : | ഒപ്പ് :

## വില്ലേജാഫീസറുടെ അന്വേഷണ റിപ്പോർട്ട്

1. അപേക്ഷാ വസ്തു ഡാറ്റാ ബാങ്കിൽ : ഉൾപ്പെട്ടിട്ടുണ്ടോ ?

2. അപേക്ഷാ വസ്തു ഡാറ്റാ ബാങ്കിൽ : ഉൾപ്പെട്ടിട്ടില്ലെങ്കിലും സ്ഥിരമായി കാണുന്ന നീർചാലുകളോ തണ്ണീർ തടങ്ങളോ നിലവിലുണ്ടോ ?

3. വെള്ളക്കെട്ടുണ്ടായിരുന്ന സ്ഥലത്ത് ബണ്ട് പിടിപ്പിച്ച് അതിൽ വൃക്ഷങ്ങൾ നട്ട് കരഭൂമിയാക്കാൻ ശ്രമിച്ചിട്ടുണ്ടോ ? :

4. സ്വഭാവ വ്യതിയാനം വരുത്തുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിലെ ജലാഗമന നിർഗമന സ്രോതസുകൾ :

5. സ്വഭാവ വ്യതിയാനം അനുവദിക്കുന്ന ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയാൽ സമീപ ഭൂമിയിലേക്കുള്ള വരമ്പ്, നടവഴി തടസ്സപ്പെടുമോ? ഉണ്ടെങ്കിൽ ആയത് നിലനിർത്തുവാൻ അപേക്ഷകൻ സ്വീകരിച്ചിട്ടുള്ള നടപടികൾ :

6. സ്വഭാവ വ്യതിയാനം വരുത്തുവാനുദ്ദേശിക്കുന്ന ഭൂമിയുടെ സമീപത്തുള്ള നെൽവയലുകളുടെ വിശദാംശം :

7. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ സമീപത്തെ നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുമോ എന്ന വസ്തുത :

8. സ്വഭാവ വ്യതിയാനം വരുത്തുവാനുദ്ദേശിക്കുന്ന ഭൂമിയുടെ ചുറ്റുമുള്ള വസ്തുക്കളുടെ വിശദാംശങ്ങൾ (തരം, സർവ്വേ നമ്പരുകൾ മുതലായവ) (കിഴക്ക്/പടിഞ്ഞാറ്/തെക്ക്/വടക്ക്) :

9. സ്വഭാവ വ്യതിയാനം വരുത്തുവാൻ അപേക്ഷിക്കുന്ന വസ്തുവിനെ സംബന്ധിച്ച വിവരം :

(എ) അപേക്ഷകന്റെ വിവിധ സർവ്വെ നമ്പരുകളിലായി ഒന്നായിക്കിടക്കുന്ന വസ്തുക്കളുടെ വിവരങ്ങൾ എല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടോ ? :

(ബി) കൈവശ വസ്തുവിന്റെ മൊത്തം വിസ്തീർണ്ണം : ...........ഹെക്ടർ .............ആർ

(സി) സ്വഭാവ വ്യതിയാനം ആവശ്യപ്പെടുന്ന വിസ്തീർണ്ണം : ...........ഹെക്ടർ .............ആർ

10. സ്വഭാവ വ്യതിയാനം വരുത്തുന്ന ഭൂമിയിൽ ജല സംരക്ഷണ നടപടികൾക്കായി മാറ്റിവച്ച ഭൂമിയുടെ വിശദാംശങ്ങൾ :

(i) സർവ്വെ നമ്പർ :

(ii) സബ് ഡിവിഷൻ നമ്പർ :

(iii) വിസ്തീർണ്ണം : .........ഹെക്ടർ ...........ആർ

11. സ്വഭാവ വ്യതിയാനം വരുത്തുന്ന ഭൂമിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ജല സംരക്ഷണ നടപടികൾ തൃപ്തികരമാണോ? :

12. നിർമ്മിക്കുവാൻ/പുനർ നിർമ്മിക്കുവാൻ/ വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം :

മേൽ പ്രസ്താവിച്ച വസ്തുതകൾ എന്റെ നേരിട്ടുള്ള അന്വേഷണത്തിലും സ്ഥല പരിശോധനയിലും ശരിയാണെന്ന് ഉത്തമമായി ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

പേര് :

തസ്തിക :

സ്ഥലം : 

വില്ലേജ് :

തീയതി : 

ഒപ്പ് :

ഫാറം 9

[ചട്ടം 12(13) കാണുക]

## 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ

(1967 ജൂലൈ 4-ന് മുമ്പ് നികത്തിയതോ നികന്നതോ ആയ ഭൂമിയുടെ റവന്യൂ രേഖകളിൽ തരം മാറ്റുന്നതിനുള്ള അപേക്ഷ)

1. അപേക്ഷകന്റെ പേരും മേൽവിലാസവും മൊബൈൽ ഫോൺ നമ്പരും :

2. ഭൂമിയുടെ വിശദാംശങ്ങൾ :

   (i) ജില്ല :

   (ii) താലൂക്ക് :

   (iii) വില്ലേജ് :

   (iv) ബ്ലോക്ക് നമ്പർ :

   (v) സർവ്വെ നമ്പർ :

   (vi) സബ് ഡിവിഷൻ നമ്പർ :

   (vii) വിസ്തീർണ്ണം : ..............ഹെക്ടർ ..................ആർ

   (viii) തണ്ടപ്പേർ നമ്പർ :

3. ഭൂമി നികത്തിയതോ നികന്നതോ ആയ കാലയളവ് :

4. ഹാജരാക്കുന്ന രേഖകളുടെ വിവരം :

മേൽ പ്രസ്താവിച്ച വസ്തുതകൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം ശരിയും സത്യവുമാണെന്ന് ഇതിനാൽ ഞാൻ സത്യപ്രസ്താവന ചെയ്തുകൊള്ളുന്നു.

സ്ഥലം : അപേക്ഷകന്റെ പേര് :

തീയതി : ഒപ്പ് :